# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4136

16-03-2017 ലെ മറുപടി

**ചടയമംഗലം മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മുല്ലക്കര രത്നാകരൻ | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| | ജലവിഭവ വകുപ്പ് വഴി ചടയമംഗലം മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്താമോ; ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | | **ജലസേചന വകുപ്പ്**<br>ചടയമംഗലം പഞ്ചായത്തിൽ പൂങ്കോട് പുത്തൻവിള വാട്ടർ അതോറിറ്റി പമ്പ് ഹൗസിന് സമീപം ഇത്തിക്കര ആറിന് കുറുകെയുള്ള തടയണയുടെ നിർമ്മാണം - തുക 45.00.000/- പ്രവൃത്തി പുരോഗതിയിലാണ്.<br>ചടയമംഗലം പഞ്ചായത്തിൽ കുഴിയം വാട്ടർ അതോറിറ്റി പമ്പ് ഹൗസിന് സമീപം ഇത്തിക്കര ആറിന് കുറുകെയുള്ള തടയണയുടെ നിർമ്മാണം - 45,00,000/- പ്രവൃത്തി പുരോഗതിയിലാണ്<br>ഇട്ടിവ പഞ്ചായത്തിൽ കോട്ടുക്കൽ കൃഷി ഫാമിന് സമീപം ഇത്തിക്കര ആറിന് കുറുകെയുള്ള തടയണയുടെ നിർമ്മാണം - 51,50,000/- പ്രവൃത്തി പുരോഗതിയിലാണ്.<br>**കേരള ജല അതോറിറ്റി**<br>ചടയമംഗലം മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർത്തിരിക്കുന്നു.<br>**ഭൂജല വകുപ്പ്**<br>ചടയമംഗലം മണ്ഡലത്തിലെ 9 പഞ്ചായത്തുകളിൽ (അടയമൺ, ചടയമംഗലം, ചിതറ, ഇളമാട്, ഇട്ടിവ, കടയ്ക്കൽ, നിലമേൽ, കുമ്മിൾ, വെളിനെല്ലൂർ) കുഴൽക്കിണർ കൈപമ്പ് |

| | | | |
|---|---|---|---|
| | | | അറ്റകുറ്റപ്പണികൾക്കും, ചെറുകിട കുടിവെള്ള പദ്ധതി നവീകരണത്തിനുമായി 20,10,181/- രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. കടയ്ക്കൽ പഞ്ചായത്തിലെ കിണറ്റിൻ മുക്ക് കോളനിയിൽ ചെറുകിട കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി 7,75,299/- രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. നിലമേൽ പഞ്ചായത്തിലെ വേയ്ക്കൽ മുളവിള കോളനി (7,25,800/-രൂപ), പുള്ളിപച്ച കോളനി (6,61,000/-രൂപ), കാവൂർ കോണം കോളനി (6,48,000/-രൂപ) എന്നീ പദ്ധതികൾക്ക് എസ്.സി.ഡെവലപ്മെന്റ് കോർപ്പസ് ഫണ്ടിൽപ്പെടുത്തി ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**

കേരള ജല അതോറിറ്റി                    അനുബന്ധം

1. **കുളത്തൂപ്പുഴയിലേക്കും സമീപ വില്ലേജുകളിലേക്കുമുള്ള ശുദ്ധജലവിതരണപദ്ധതി ഘട്ടം-2**

കുളത്തൂപ്പുഴ, ഏരൂർ, അലയമൺ, ഇട്ടിവ പഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കുന്ന പദ്ധതിയുടെ ഒന്നാം ഘട്ടം (റോ വാട്ടർ പമ്പിങ് മെയിൻ ശുദ്ധീകരണശാല എന്നിവ ഉൾപ്പെട്ട) 25.08.2015-ൽ കമ്മീഷൻ ചെയ്തു. ഇട്ടിവ പഞ്ചായത്തിന് പ്രയോജനം ലഭിക്കുന്നതിനായി ഭാരതീപുരം സംഭരണിയിൽ നിന്നും തോട്ടുമുക്കം സംഭരണിയിലേക്ക് പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പണികൾ ആരംഭിച്ചിട്ടുണ്ട്. തോട്ടുമുക്കം സംഭരണിയുടേയും, സോൺ 3 ലേക്കുള്ള വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയുടേയും ടെൻഡർ വിളിച്ചിട്ടുണ്ട്. തോട്ടുമുക്കം സംഭരണിയിൽ നിന്ന് വാച്ചിക്കോണം ഉപരിതലസംഭരണിയിലേക്കുള്ള പമ്പിങ് മെയിൻ, വാച്ചിക്കോണം സംഭരണി, സോൺ 4 ലേക്കുള്ള വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി എന്നിവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും ഭരണാനുമതി തുക കഴിഞ്ഞുപോയതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. എസ്റ്റിമേറ്റ് അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ വിളിച്ച് എത്രയും വേഗം പണി പൂർത്തീകരിക്കുന്നതാണ്. ഭരണാനുമതി തുക - 1815 ലക്ഷം രൂപ.

2. **കല്ലുവാതുക്കൽ, പാരിപ്പള്ളി, വെളിനല്ലൂർ വില്ലേജുകൾക്കു വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി- ഘട്ടം 1**

വെളിനല്ലൂർ പഞ്ചായത്തിലെ നിലവിലുള്ള 1.5 എം.എൽ.ഡി. ജലശുദ്ധീകരണശാലയുടെ പുനരുദ്ധാരണം ഉൾപ്പെട്ട പദ്ധതിയുടെ ഘട്ടം 1 ന് 27 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. വെളിനല്ലൂർ പഞ്ചായത്തിലെ ശേഷിക്കുന്ന ജല ആവശ്യകത കൂടി ഉൾപ്പെടുത്തി കാട്ടുപുറത്ത് 7.5 ദശലക്ഷം ലിറ്റർ ജലശുദ്ധീകരണശാലയുടെ നിർമ്മാണവും ഘട്ടം 1-ൽ ഉൾപ്പെടുന്നു. സാങ്കേതികാനുമതിയും എസ്റ്റിമേറ്റ് അനുമതിയും ലഭ്യമാക്കി. കരാർ നൽകി എത്രയും വേഗം പണി ആരംഭിക്കുന്നതാണ്

പഞ്ചായത്തിലെ ശേഷിക്കുന്ന ഭാഗങ്ങളിൽ വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി ഘട്ടം 2 ലാണ് ഉൾപ്പെടുത്താൻ ഉദ്ദേശിച്ചിരിക്കുന്നത് - AS No. GO(Rt) No. 14/2017/WRD dated 11.01.2017

3. **ജിക്ക മീനാടിനും സമീപ വില്ലേജുകളിലേക്കുമുള്ള ശുദ്ധജലവിതരണപദ്ധതി- വിതരണ ശൃംഖല - ബാക്കിയുള്ള ജോലികൾ**

ജിക്ക പദ്ധതിയിലുൾപ്പെടുത്തി ചടയമംഗലം നിയോജകമണ്ഡലത്തിലെ ഇളനാട് പഞ്ചായത്തിൽ ആകെ 61.7 കി.മീ. വിതരണശൃംഖല സ്ഥാപിക്കാനുള്ളതിൽ 47.8 കി.മീ. സ്ഥാപിച്ചിട്ടുണ്ട്. 11 കി.മീ. പൈപ്പ് ലൈൻ ചാർജ്ജ് ചെയ്തിട്ടുണ്ട് ബാക്കിയുള്ള പണികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. മേയ് 31 നോടുകൂടി പണി പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

4. **ചിതറ കുടിവെള്ള പദ്ധതി**

കാലപ്പഴക്കം ചെന്ന 400 എം.എം. പ്രിമോ പമ്പിങ് മെയിൻ മാറ്റി 400 എം.എം.ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി - 1440 മീറ്റർ - ഘട്ടം 2 - 152.50 ലക്ഷം രൂപ. കരാർ നൽകി എത്രയും വേഗം പണി ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ